ടാൻസ്റ്റോട്ട് ദേശവല്ക്കരണപദ്ധതി

*൪൭൭. (൹൹) ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ടാൻസ്റ്റോട്ട് ദേശവൽക്കരണപദ്ധതിയെന്തുസരിച്ച് ഇനി ഏതെങ്കിലും ലൈൻ ഗവണ്മെണ്ടിലേക്ക് ഏറ്റെടുക്കുവാനുണ്ടോ; ഉണ്ടെങ്കിൽ ഏതു;

(ബി) ആലുവാ—ഏറണാകുളം ലൈൻ കഴിഞ്ഞ ചിങ്ങമാസം പന്ത്രണ്ടാംതീയതിമുതൽ ഗവണ്മെണ്ടിലേക്ക് ഏറ്റെടുക്കുമെന്നു കാണിച്ച് ആ ലൈനിൽ ഓടുന്ന ബസ്സുകാർ ഗവണ്മെണ്ടിൽനിന്നും നോട്ടീസ്സു കൊടുത്തിട്ടുണ്ടോ;

(സി) അതിനുശേഷം ആ ലൈൻ ഏറ്റെടുക്കാതിരിക്കാൽ കാരണമെന്തു?

മരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) പുതിയ ലൈൻ ഏറ്റെടുക്കുന്നതു ഗവണ്മെണ്ടിന്റെ ദേശവൽക്കരണനയത്തെ അപേക്ഷിച്ചിരിക്കും. ഇതിലേക്ക നിയോഗിച്ചിട്ടുള്ള സ്പെഷ്യൽ ആഫീസറുടെ റിപ്പോർട്ടിന്മേലുള്ള ഗവണ്മെണ്ടിന്റെ അവസാനതീരുമാനത്തെ അറിയിച്ചായിരിക്കും മേൽനടപടികൾ തീരുമാനിക്കുക.

(ബി) & (സി) ഇല്ല.

സ്പെഷ്യൽ ആഫീസർ ഫാർ വില്ലേജ് കമ്മ്യൂണിക്കേഷൻസ്

*൪൭൮. (൹ൺ) ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) "സ്പെഷ്യൽ ആഫീസർ ഫാർ വില്ലേജ് കമ്മ്യൂണിക്കേഷൻസ്" എന്ന ഉദ്യോഗസ്ഥനെ എന്തു നിയമിച്ചു;

(ബി) അദ്ദേഹത്തിന്റെ ജോലികൾ എന്തെല്ലാം?

വ്യവസായവും, എക്സൈസും, തദ്ദേശസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കണ്ണരാമൻ):

(എ) ൨൭—൪—൧൯൫൦.

(ബി) ഇപ്പോൾ ഗവണ്മെണ്ടിന്റെ അധീനത്തിലില്ലാത്തതും, കൃഷിക്കാരോ, ഗ്രാമീണരോ വെട്ടിച്ചിട്ടുള്ളതും ആയ റോഡുകൾ, ഗവണ്മെണ്ടിന്റെ അനുമതിയോടുകൂടി വെട്ടിത്തുടങ്ങിയിട്ടുള്ള വില്ലേജ് റോഡുകൾ, പുതിയതായി ഓരോ പ്രദേശത്തേക്കും അത്യാവശ്യമായിട്ടുള്ള റോഡുകൾ മുതലായവയെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ച് അവയ്ക്കാവശ്യമായ എസ്റ്റിമേറ്റ്, പ്ലാൻ, ചിലവിന്റെ കണക്ക് എന്നിവ തയാറാക്കുക.

വയ്യിൻ കരയിൽ വെള്ളവും വെളിച്ചവും

*൪൭൯. (൹൭) ശ്രീ. ടി. എം. സന്നേലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പൊതുമരാമത്തു മന്ത്രിസദയം മറുപടി പറയുമോ:

(എ) വയ്യിൻ കരയിൽ വെള്ളവും വെളിച്ചവും നൽകേണ്ടതിനെ സംബന്ധിച്ച് ഗവണ്മെണ്ട ആലോചിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തീരുമാനമെന്താണ്;

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly